# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.533 — 08.08.2017-ൽ മറുപടിയ്ക്ക്

## മാവൂർ ഗ്രാസിം ഫാക്ടറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
| എ) മാവൂർ ഗ്രാസിം ഫാക്ടറിക്കായി സർക്കാർ എത്ര സ്ഥലമാണ് അക്വയർ ചെയ്തു നല്കിയതെന്ന് വ്യക്തമാക്കാമോ; | എ) 240.39 ഏക്കർ സ്ഥലം മാവൂർ ഗ്രാസിം ഫാക്ടറിക്കു വേണ്ടി അക്വയർ ചെയ്തിരുന്നു. എന്നാൽ 1/7/2001ൽ പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം നിലക്കുകയുണ്ടായി. |
| ബി) ഈ സ്ഥലം ഉപയോഗപ്പെടുത്തി വ്യവസായം ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | ബി) സി) & ഡി) പ്രസ്തുത സ്ഥലത്ത് സംസ്ഥാനത്തിന്റെ തൊഴിൽ സാധ്യത കണക്കിലെടുത്ത് ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി നിർദ്ദേശം സമർപ്പിക്കുന്നതിന് 29/3/2017-ൽ ബഹു.വ്യവസായവകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മെ.ഗ്രാസിം കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)12851/06 ഇപ്പോഴും നിലനില്ക്കുകയാണ്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ കേസിലെ കോടതി തീരുമാനത്തിന്റെയും കെ.എസ്.ഐ.ഡി.സി സമർപ്പിക്കുന്ന നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടി സാധ്യമാവുകയുള്ളൂ. |
| സി) ഈ സ്ഥലം നിയമനിർമ്മാണം വഴി ഏറ്റെടുക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | |
| ഡി) ഈ സർക്കാർ വന്നതിനുശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ